**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1692** **16-10-2026-ൽ മറുപടിയ്ക്ക്**

**<u>വടക്കഞ്ചേരി പ്രൈവറ്റ് ബസ് സ്റ്റാൻഡിൽ കെ.എസ്.ആർ.ടി.സി. ഓപ്പറേറ്റിംഗ് സെന്റർ</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. പി. പി. സുമോദ് ശ്രീ. സി. പി. ജോൺ
(ഗതാഗത വകുപ്പ് മന്ത്രി)

**(എ)** തരൂർ നിയോജകമണ്ഡലത്തിലെ വടക്കഞ്ചേരി ടൗണിൽ പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള വടക്കഞ്ചേരി പ്രൈവറ്റ് ബസ് സ്റ്റാൻഡിൽ കെ.എസ്.ആർ.ടി.സി. ബസുകൾ പ്രവേശിക്കുന്നതിനും കെ.എസ്.ആർ.ടി.സി. സർവീസ് ഓപ്പറേറ്റിംഗ് സെന്റർ ആരംഭിക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

**<u>മറുപടി:</u>** പാലക്കാട് ജില്ലയിൽ വടക്കഞ്ചേരിയിൽ നിലവിൽ ഓപ്പറേറ്റിംഗ് സെന്റർ പ്രവർത്തിച്ച് വരുന്നുണ്ട്. ഇവിടെ നിന്നും നിലവിൽ 30 സർവീസുകൾ നടത്തിവരുന്നുണ്ടെങ്കിലും വടക്കഞ്ചേരി പ്രൈവറ്റ് ബസ് സ്റ്റാൻഡിനുള്ളിൽ കയറി സർവീസുകൾ നടത്തി വരുന്നില്ല. ടി പ്രൈവറ്റ് ബസ് സ്റ്റാൻഡിനുള്ളിൽ നിന്നും കെ.എസ്.ആർ.ടി.സി. സർവീസുകൾ ക്രമീകരിക്കണമെന്നും ഓപ്പറേറ്റിംഗ് സെന്റർ പ്രവർത്തനം പഞ്ചായത്ത് ബസ് സ്റ്റാൻഡിൽ നിന്നും ആരംഭിക്കണമെന്നും എം.എൽ.എ.യുടെ നേതൃത്വത്തിൽ നടന്ന ട്രാൻസ്പോർട്ട് മാനേജ്മെന്റ് കമ്മിറ്റി യോഗത്തിൽ ചർച്ച നടത്തിയിട്ടുണ്ട്. പഞ്ചായത്തിൽ നിന്നും ആവശ്യമായ അനുമതിയും അനുബന്ധ സൗകര്യങ്ങളും ലഭ്യമാകുന്ന മുറയ്ക്ക് യാത്രക്കാരുടെ സൗകര്യാർത്ഥം അവിടെ നിന്നും സർവീസുകൾ ആരംഭിക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**